CHRISTIAN MUSICOLOGICAL SOCIETY of INDIA

# കത്തനാർ

ചിന്തോദ്ദീപകമായ ലേഖനമാണ് "കത്തനാർ", രചയിതാക്കൾ രണ്ടു കത്തനാരന്മാർ. ഈ ലേഖനം വായിച്ചു കഴിയുമ്പോൾ കുറേ വൈദികരെങ്കിലും കത്തനാരന്മാരാകുമെന്നു ന്യായമായി നമുക്കു പ്രത്യാശിക്കാം. സഭാപൈതൃകത്തിന്റെയും ഭാരതസംസ്കാരത്തിന്റെയും ആഴത്തിൽ മുങ്ങി "കത്തനാർ" എന്ന മുത്തുച്ചിപ്പി തപ്പിയെടുക്കാൻ എത്ര പുരോഹിതന്മാരും വൈദികന്മാരും സന്നദ്ധരാകും?

തന്റെ പേരിനോടുചേർത്തു വൈദികനെന്നോ പുരോഹിതനെന്നോ എഴുതാൻ മടിക്കുന്ന ബിരുദധാരികളായ വൈദികരുടെ മുമ്പിലാണ് "കത്തനാരെ" ലേഖകർ അവതരിപ്പിച്ചിരിക്കുന്നത്.

"കത്തനാർ" എന്ന് പേരിനോട് ചേർത്തപ്പോൾ ചിലർ നെററി ചുളിച്ചു, മുഖം കറുപ്പിച്ചു, എന്നിട്ടുചോദിച്ചു: "ഒരു ഭാരതീയനാമം സ്വീകരിച്ചുകൂടെ എന്ന്?"

## ഭാരതീയനാമം

ക(ർ)ത്തനാർ എന്ന പദം ഭാരതീയമാണ്. നസ്രാണികളുടെ തറവാട്ട് സ്വത്താണ്.(1) 'ദേവസ്യാ' ഭാരതീയ നാമമാണ്. നസ്രാണികൾ അതിനെ 'ദേവസ്യാച്ചൻ' ആക്കി സ്വന്തമാക്കി. പാശ്ചാത്യവേഷമിട്ടാണ് 'സെബാസ്ത്യനാ'യത്. നടപടി ഗ്രന്ഥത്തിൽ കേപ്പായ്ക്ക് വാതിൽ തുറന്ന് കൊടുക്കാതെ സന്തോഷാധിക്യത്താൽ പിന്നോക്കം ഓടിച്ചെന്ന് സഭയോട് പറഞ്ഞ ആ ബാലികയുടെ പേര് (ഒ)റോത എന്നായിരുന്നു. പാശ്ചാത്യർ വന്നപ്പോൾ നമ്മുടെ നാട്ടിലെ 'ഒറോത' മുഴുവൻ 'റോസ്' ആയിത്തീർന്നില്ലേ? വിദേശികളുടെ കുപ്പായമണിയിച്ച് പൊട്ടുതൊട്ടാലാണോ ഭാരതീയമാകുന്നത്? യൗസേപ്പിനെ (പൂർവ്വയൗസേപ്പ്) ജോസഫും ജോയും ("യൗസേപ്പച്ചൻ") മർത്ത

1 Mailapur Catholic Register, Oct. 1, 1915. ബർണാർദ്, മാർത്തോമാ ക്രിസ്ത്യാനികൾ, ഒന്നാം. 1918, P P. 70—90

Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

മറിയത്തെ സെൻറ് മേരിയും, മാർ സ്ലീവായെ ഹോളിക്രോസും, പള്ളിയെ ചർച്ചും, സ്ലീവായെ കുരിശും, നസ്രാണിയെ ക്രിസ്ത്യാനിയും, കത്തനാരെ ഫാദറും ആക്കുന്ന രീതി ഭാരതീയമാണോ? ഭാരതീയനെങ്കിൽ മദ്യപിക്കില്ല, പുകവലിക്കില്ല, നുണ പറയില്ല, പണത്തോട് ആർത്തി കാണിക്കില്ല, അപകീർത്തി പരത്തില്ല, ധ്യാനമില്ലാതെ പഠിക്കില്ല, ഉപവാസമില്ലാതെ പ്രാർത്ഥിക്കില്ല, ഭാരതീയവാസ്തുശില്പകലയെ താറടിക്കുന്ന വീട്ടുപണി, പള്ളി പണി എന്നിവ ഏറ്റെടുക്കില്ല. നസ്രാണിയുടേയും കത്തനാരുടേയും ജീവിതശൈലിയിൽ ഭാരതീയത്വം ഉരുത്തിരിയണം.

**ക(ർ)ത്തനാർ എന്ന പദം**

‘ഫാ’ / ഫാദർ എന്തിനാണ് പേരിന്റെ കൂടെ വയ്ക്കുന്നത്? പാശ്ചാത്യർ വരുന്നതുവരെ നമ്മുടെ നാട്ടിൽ “ഫാ” ഇല്ലായിരുന്നു. പാതിരിമാരില്ലായിരുന്നു. എന്നാൽ ക(ർ)ത്തനാരന്മാരുണ്ടായിരുന്നു.

ക(ർ)ത്തനാർ എന്ന പദം “കർതൃ” എന്ന സംസ്കൃത ധാതുവിൽ നിന്നാണെന്നാണല്ലോ നിഘണ്ടു കർത്താക്കൾ പറയുന്നത്. നാളിതുവരെ ഈ പദത്തിന്റെ പഴക്കമോ, പാരമ്പര്യമോ ആരും ആഴത്തിൽ പഠിച്ചിട്ടില്ല. എന്നാൽ എവിടെനിന്ന് കിട്ടി “ഫാദറിനെ”?

“കത്തനാർ” എന്ന പദം “കർത്തനാർ” ആണെന്ന് പറയുന്നതിന് സാക്ഷ്യങ്ങളുണ്ട്. എന്നാൽ മറ്റൊരു വിശദീകരണം കാണുന്നില്ല. “കർത്താക്കന്മാർ” ഒരു കാലത്ത് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭരണകർത്തൃത്വത്തിൽ ഭാഗഭാക്കുകളായിരുന്നു. “കർത്താവ്”, “കർത്തൻ” എന്ന പേരുള്ള ഹൈന്ദവർ ഇന്നും മാഞ്ഞൂർ കരയിലുണ്ട് (കോട്ടയം ജില്ല).

**കുന്നമ്മാക്കൽ തോമാ കത്തനാർ**

**വഴുതനപ്പള്ളിൽ യൗസേപ്പ് കത്തനാർ**

മാർത്തോമ നസ്രാണികൾ ഒരു കാലത്ത് ചേരരാജ്യത്തിലെ പ്രാമുഖ്യമാർന്ന ജനതയായിരുന്നു. അവരുടെ കത്തനാരന്മാർ ദേവാലയത്തിലെ കർമ്മങ്ങൾ മാത്രം അനുഷ്ഠിക്കുന്ന വെറും “കർമ്മക്കന്മാർ” മാത്രമായിരുന്നില്ല. സാമൂഹ്യജീവിതത്തിന്റെ വിവിധ തുറകളിൽ അവർ കർതൃത്വം വഹിച്ചിരുന്നു. ഭരണം നടത്തുന്നവരെ ‘ഭരണകർത്താവ്’ എന്നും ഗ്രന്ഥം എഴുതുന്നവനെ “ഗ്രന്ഥകർത്താവ്” എന്നും നാടകം എഴുതുന്നവനെ “നാടക കർത്താവ്” എന്നുമല്ലേ വിളിക്കുന്നത്?

Christian Musicological Society of India

www.TheCMSIndia.org

www.dukhrana.in



CHRISTIAN MUSICOLOGICAL SOCIETY OF INDIA

Christian Musicological Society of India

www.TheCMSIndia.org

ഈശോയെ "കർത്താവ്" എന്നു വിളിക്കുന്നു. നമ്മുടെ കർത്താവീശോ മിശിഹാ (ഗാല. 6:14) "എന്റെ കർത്താവും എന്റെ ദൈവവും" (യോഹ. 20:28) ഇതൊക്കെ വിശുദ്ധത്തിലേക്കും മാർത്തോമ ശ്ലീഹായിലേക്കുമാണ് നമ്മെ എത്തിക്കുന്നത്.

കർത്താവ് = കർത്ത + ആവ്. "കർതൃത്വം" എന്നതിന് അധികാരം, നാഥൻ, നേതൃത്വം എന്നൊക്കെ അർത്ഥമുണ്ട്. കർത്തനാർ = കർത്തൻ + ആർ.

"കർത്തൻ" എന്നതിന് ഉടമ, നാഥൻ, അധികാരി എന്നൊക്കെ അർത്ഥമുണ്ട്. "ആർ" എന്നത് പൂജകബഹുവചനമാണ്. ഉച്ചാരണ സൗകര്യാർത്ഥം 'ർ' മാററി. അങ്ങനെ "കർത്തനാർ" "കത്തനാരായി". ഇതുപോലെ ധാരാളം പദങ്ങൾ മലയാളത്തിലുണ്ട്—നയനാർ, ചെട്ടിയാർ, തമ്പുരാൻ, മാരാർ, അയ്യർ മുതലായവ.

## 'അച്ചൻ' എന്ന പദം

'അച്ചൻ' എന്ന പദത്തിന് 'കർത്തനാർ' / 'കത്തനാർ' എന്ന പദത്തോളം പഴക്കമോ, അർത്ഥവ്യാപ്തിയോ ഇല്ല. എന്നാൽ അച്ചൻ / കത്തനാർ എന്നീ പദങ്ങൾക്ക് പകരം വൈദേശികമായ Pater, Padre, Father നെ വലിച്ചുകൊണ്ടുവന്നാലോ....

കത്തനാർക്ക് എന്താ ഇത്ര നാണിക്കാൻ? ഈ പദത്തിന്റെ പിന്നിൽ ഒരു ജനതയുണ്ട്. ഒരു സംസ്കാരമുണ്ട്, ഒരനന്യതയുണ്ട്. അച്ചനെ (Father) ഫാദറാക്കി മുക്കിപൊക്കിയെടുത്തതാണെന്നു കരുതി എന്തിനാ നമ്മൾ പാവം കത്തനാരെ ചരിത്രത്തിന്റെയും ഭാരതഭാഷകളുടെയും ചവററുകൊട്ടയിലേക്ക് ഉപേക്ഷിക്കുന്നത്? വെറുതെ ഈ പദത്തെ വെറുക്കേണ്ട കാര്യമുണ്ടോ കത്തനാരേ? മാർ തോമാ നസ്രാണികൾ ഏതു പദം കൊണ്ടാണ് അച്ചന്മാരെ വിശേഷിപ്പിച്ചിരുന്നത് എന്ന് ഒന്നു പറഞ്ഞു തരാമോ? ഒരു കാലത്ത് കടമററത്ത് ഒരു കത്തനാരുണ്ടായിരുന്നു. പാതിരി വന്നത് യൂറോപ്പിലെ കപ്പലിൽ നിന്നാണ്. നൂററാണ്ടുകളായി പ്രചാരത്തിലിരുന്ന ഭാരതപദമായ കത്തനാരെ വെറുക്കവാൻ എന്തു കാരണമെന്ന് ചോദിച്ചാൽ തെററുണ്ടോ? ഫാദർ എന്ന പദം നിലവിലിരിക്കെ എല്ലാവരും ഫാദർ മാത്രമേ ഉപയോഗിക്കാവൂ എന്നു ശഠിക്കാൻ എന്തു ന്യായം? വാക്കിലല്ല അർത്ഥമെന്നു തീർത്തു പറയാമോ? അഥവാ ചിലർ മറിച്ച് വാദിച്ചാലും 'വാക്കിലും അർത്ഥമൊന്നുമില്ല' എന്നു ആരെങ്കിലും വാദിക്കുമോ?

മാർത്തോമ നസ്രാണികളുടെ പഴയ രൂപതാ ഡയറക്ടറികളിൽ, 1962 വരെ "കത്തനാർ" എന്ന് ഉപയോഗിച്ചിരിക്കുന്നത് കാണാം. കത്തനാരെ കണ്ടില്ലെങ്കിലും "കശീശ"യെ കിട്ടും. മർത്തമറിയം പള്ളിയെ സെൻറ് മേ

www.dukhrana.in

www.dukhrana.in



CHRISTIAN MUSICOLOGICAL SOCIETY OF INDIA

Christian Musicological Society of India

www.TheCMSIndia.org

രീസ് ചർച്ചാകാം. മാർ സ്ലീവാ പള്ളിയെ ഹോളി ക്രോസ് ചർച്ച് ആക്കാം. എന്നാൽ ആരെങ്കിലും "മർത്തമറിയം പള്ളി"യെ 'മാർ സ്ലീവാ പള്ളി' എന്ന് വിളിച്ചാൽ അത് തെററാണ്, പാടില്ല എന്ന് വാദിച്ചാൽ "എരിശ്ശേരിയിൽ ഇളക്കി മറിച്ചിട്ടും കഷണം കാണുന്നില്ല" എന്നേ സമാധാനമുള്ളു. "മത്തായി" എന്ന് പറഞ്ഞാൽ പുലയനാണെന്നും, "മാത്യു" എന്ന് പറഞ്ഞാൽ ക്രിസ്ത്യാനിയാണെന്നും വാദിച്ച വക്കീലിനെപ്പറ്റി, വേദപണ്ഡിതനെപ്പററി എന്തു തോന്നുന്നു? "മാർ തോമാ നസ്രാണികൾ" എന്നു വിളിക്കരുത്, "സെൻറ് തോമസ് ക്രിസ്ത്യാനികൾ" എന്നേ വിളിക്കാവൂ എന്ന് പറഞ്ഞാലോ? "ഫാദർ" എന്ന് എഴുതരുതെന്ന് കത്തനാരും, "കത്തനാർ" എന്നത് ശരിയല്ലെന്ന് ഫാദറും വാദിക്കണമോ? രണ്ടും ഒരുമിച്ച് നിന്നാലെന്താ അപകടം? സ്വന്തം ഭാഷയോടും സ്വന്തം ചരിത്രത്തോടും അല്പം കൂറുപുലർത്തുന്ന പദം ഏതാണെന്ന് ആർക്കും മനസ്സിലാക്കാവുന്നതേയുള്ളൂ.

"പേരിൽ എന്തിരിക്കുന്നു, അല്ലേ?" പേരിൽ ഒന്നും ഇരിക്കുന്നില്ലെങ്കിൽ പേരുതന്നെ എന്തിന്? പേര് വേണ്ട എന്ന് ആരെങ്കിലും പറയുമോ? അഥവാ പറയുന്നവർ പുരോഗമനവാദികളായി ചമഞ്ഞുകൊണ്ട് പേരില്ലാതെ നീങ്ങട്ടെ.

## വിശുദ്ധഗ്രന്ഥ പേരുകൾ

പേര് വ്യക്തിയെ പ്രതിനിധാനം ചെയ്യുന്നു. ഒരാൾക്ക് പേര് നൽകുക എന്നതിൻെറ അർത്ഥം ആ വ്യക്തിയുടെമേലുള്ള അധികാരത്തെയാണ് സൂചിപ്പിക്കുക. സൃഷ്ടിയുടെ വിവരണത്തിൽ (ഉൽപ. 1–2) ആദമാണ് എല്ലാറ്റിനും "പേര്" (ഷേം = നാമം) നൽകുന്നത്. ദൈവത്തിൻെറ പ്രതിപുരുഷനായ ആദത്തിൻെറ അധികാരത്തിന് കീഴിലാണ് ബാക്കി എല്ലാം എന്ന് കാണിക്കുന്നു. ഒരാൾ മറെറാരാളെ 'ഇരട്ടപ്പേര്' വിളിക്കുന്നതുവഴി, പേരുവിളിക്കപ്പെടുന്നവൻെറ മേലുള്ള അധികാരത്തെയാണ് അർത്ഥമാക്കുന്നത്. വിശുദ്ധ ഗ്രന്ഥത്തിലും ഇങ്ങനെ കാണാം: അബ്രാം–അബ്രാഹമാകുന്നതും പത്രോസ് (ശെമയോൻ) കേപ്പായാകുന്നതും.

## വ്യക്തിനാമം

പുരാതന കാലങ്ങളിൽ വിശുദ്ധ ഗ്രന്ഥത്തിലെ പേരുകളാണ് യഹൂദർ സ്വീകരിച്ചിരുന്നത്; ഇന്നും യൂദാനാട്ടിൽ സ്വീകരിക്കുന്നതും. ഇങ്ങനെ സ്വീകരിക്കുന്ന പേരുകൾക്ക് ആഴമായ അർത്ഥമുണ്ട്. പേരുകൾ ദൈവത്തെയും, വ്യക്തിയുടെ വിളിയെയും ജീവിതശൈലിയെയും സൂചിപ്പിക്കുന്നുണ്ട്. ഉദാഹരണത്തിന് എലിമേലേക്ക് (ഏൽ = ദൈവം, മേലേക്ക് = രാജാവ്)

www.dukhrana.in

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ഏലിയാഹ്ഹു (ഏൽ = ദൈവം) (ആഹ്ഹു = സാന്നിധ്യം).

### സ്ഥലനാമം

വിശുദ്ധ ഗ്രന്ഥത്തിലെ സ്ഥലനാമങ്ങളും ദൈവനാമത്തെ ദ്യോതിപ്പിക്കുന്നവയാണ്. ഉദാഹരണത്തിന് ബേഥേൽ (ബേത്ത് = വീട്, ഏൽ = ദൈവം) റാമല്ലാ (റാമാ = മല, കുന്ന്; ഏൽ = ദൈവം).

ഇങ്ങനെ സ്ഥലത്തേയും വ്യക്തിയേയും ദൈവവുമായി ബന്ധിപ്പിക്കുന്നതിനാണ് വിശുദ്ധ ഗ്രന്ഥപേരുകൾ ഉപയോഗിക്കുന്നതു്, ഉപയോഗിച്ചിരുന്നതു്.

### നസ്രാണികളുടെ നാമം

മാർത്തോമാ നസ്രാണികളുടെ നാമവും വിശുദ്ധ ഗ്രന്ഥത്തിൽ നിന്ന് മാത്രമുള്ളതായിരുന്നു. എന്നാൽ ആ പേരുകളെ അവർ സ്വാംശീകരിച്ച് അവയ്ക്ക് തനിമ നൽകി. അങ്ങനെയാണ് യൗസേപ്പ് — യൗസേപ്പച്ചനായതു്, തോമാ — തോമാച്ചനായതു്, ലൂക്കാ — ലൂക്കാച്ചനായതു്, അന്ന — അന്നാമ്മയായതു്, ഏലി (എലിസബത്തു്) — ഏലിയാമ്മ, (ഏലിക്കുട്ടി)യായതു്, മേരി (മറിയം) — മേരിയമ്മ (മറിയക്കുട്ടി)യായതു്. സ്ത്രീകളുടെ പേരുകളാണെങ്കിൽ മാതാവിന്റെയും (മറിയം), മാതാവിന്റെ അമ്മയുടേയും (അന്ന), മാതാവിന്റെ ചാർച്ചക്കാരിയുടേയും (എലിസബത്തു) നാമങ്ങളാണ് നസ്രാണികൾ മക്കൾക്ക് നൽകിപ്പോന്നിരുന്നതു്.

'അഴകിയവനെ കണ്ടു് അപ്പാ' എന്ന വിളിക്കുന്ന രീതിയാണ് ഇന്ന് മലയാളികൾക്ക് പൊതുവേയുള്ള ചിന്താഗതി. കുട്ടികളുടെ പേരിന് യാതൊരു വിധ അർത്ഥവുമില്ലാത്തതു് ഉപയോഗിക്കുന്നതു് അവരുടെ വ്യക്തിത്വത്തെ തന്നെ ബാധിക്കും. ഉദ്യോഗനേട്ടത്തിനും പണത്തിനും വേണ്ടിയായിരിക്കും അങ്ങനെ ചെയ്യുന്നതു്. എന്നാൽ ഇതിൽനിന്ന് അർത്ഥശൂന്യത, പ്രസക്തിയില്ലായ്മ വളർന്ന് ശൂന്യതാബോധത്തിലും, അസ്തിത്വത്തെ ചോദ്യം ചെയ്യലിലും ചെന്നവസാനിക്കാം. ഇതു് ജീവിതത്തെ നിഷേധാത്മകമായി ബാധിക്കാം. 'അപ്പാ, അപ്പച്ചാ, ചാച്ചാ, അമ്മേ, അമ്മച്ചീ, ചാച്ചീ'' എന്നീ പേരുകൾക്കുപകരം ''ഡാഡീ, മമ്മീ'' എന്നീ പേരുകൾ എത്ര മേന്മയാണ്, നന്മയാണ് നൽകുക? അതിരുകടന്ന അനുകരണവും അപകർഷതാബോധവും മിഥ്യാ ധാരണയും ആയിരിക്കാം ഇതിന്റെയൊക്കെ പിന്നിൽ പ്രവർത്തിക്കുന്നതു്. ഇന്ന് 'അപ്പാ, അമ്മ' എന്നീ പദങ്ങൾ ഉയർന്ന പദവിയുടെ (status) അടയാളമല്ലപോലും.

'കത്തനാർ' (കർത്തനാർ) എന്ന പദം സഭാത്മകമാണ്. ഈ പദം വഴി സഭയുമായി വൈകാരികബന്ധം ഉണ്ടാകാം. കൂടാതെ ''കർത്താവ്'' (ഈശോയെ)

Christian Musicological Society of India

www.TheCMSIndia.org

www.dukhrana.in

www.dukhrana.in

CHRISTIAN MUSICOLOGICAL SOCIETY OF INDIA

"എന്റെ കർത്താവും എന്റെ ദൈവവും" (മാർത്തോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനം) എന്നീ വസ്തുതകളെ നമ്മുടെ മനസ്സിൽ ഉദിപ്പിക്കാൻ പ്രേരണ നൽകാം. മാർത്തോമാനസ്രാണികളുടെ മാത്രം പദമാണ് 'കത്തനാർ'. ഏല്പിക്കപ്പെട്ട ദൈവജനത്തിന്റെ മേലുള്ള 'ഉടമസ്ഥാവകാശ'ത്തെ, അവർക്ക് 'നേതൃത്വം നൽകേണ്ടതു'' 'അധികാരത്തെ' സൂചിപ്പിക്കാൻ പററിയ പദമാണ് 'കത്തനാർ'.

## ചരിത്രരേഖകൾ

അഞ്ചാം നൂററാണ്ടിലെ രേഖ അനുസരിച്ച്, മാർ കൊമായ് റോമാക്കാർക്കുള്ള ലേഖനം ഗ്രീക്കിൽ നിന്ന് സുറിയാനിയിലേക്ക് തർജ്ജമ ചെയ്തു. തർജ്ജമക്കു സഹായിച്ചതു് ഇന്ത്യാക്കാരനായ ദാനിയേൽ കശീശ (ക(ർ)ത്തനാർ)യാണ്.[2]

അങ്കമാലിയിൽ വിശുദ്ധ ഗ്രന്ഥപഠനത്തിന് പ്രസിദ്ധിയാർജ്ജിച്ച ഒരു 'യൂണിവേഴ്സിററി' ഉണ്ടായിരുന്നു. ...ടെ 50 വർഷമായി ഒരു ക(ർ)ത്തനാർ (കശീശ) ദൈവവചനം പഠിപ്പിച്ചിരുന്നു എന്ന് 1557-ലെ ഒരു കത്തിലുണ്ട്. അദ്ദേഹത്തിന് കേരളത്തിൽ ധാരാളം ശിഷ്യന്മാരുണ്ടായിരുന്നു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.[3] മലങ്കരയിൽ ഇടയന്മാരെ വിളിച്ചുകൊണ്ടിരുന്നതു് "Catenares (Kathanars) id est sacerdotes destes Christaos" എന്നായിരുന്നു എന്ന് 1578-ലെ ഡയനീഷ്യസിന്റെ കത്തിൽ പറയുന്നുണ്ട്.[4]

കളപ്പുരയ്ക്കൽ അന്ത്രയോസ് കത്തനാരാൽ അച്ചടിപ്പിക്കപ്പെട്ടതാണ് 'മാർത്തോമാ ക്രിസ്ത്യാനികൾ' എന്ന ഗ്രന്ഥം.[5]

കരിയാററി യൗസേപ്പ് കത്തനാർ, പാറേമ്മാക്കൽ തോമ്മാ കത്തനാർ, പറമ്പിൽ മത്തായി കത്തനാർ, ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാർ, കടക്കച്ചിറ അന്തോണി കത്തനാർ, നിധീരിക്കൽ മാണി കത്തനാർ-

---

2 HORAE SEMITICAE, THE COMMENTARIES OF ISHO DAD OF MERV, V. 34, MRS GIBSON (ed.).

3 DOCUMENTA INDICA, JOSEPH WICKI (ed.), ROMA 1954, P. 808. A Letter of Fr. MELCHIOR CARNEIRO S. J. to L. Fr. GONCALVES calves da CAMARA S. J. in LIB- SON, from Goa on 24th December 1557.

4 "'ക്രിസ്ത്യാനികൾ വൈദികരെ **"കത്തനാർ"** എന്നായിരുന്നു വിളിച്ചിരുന്നത്'." Dionysius, letter of January 4, 1578. Silva Rego (-ed.); Document Sago, Goa, Vol XII, P. 398.

5 ബെർണ്ണാർദ്, മാർത്തോമാ ക്രിസ്ത്യാനികൾ, മാന്നാനം, 1918, pp.I-V.

Christian Musicological Society of India

www.TheCMSIndia.org

www.dukhrana.in



CHRISTIAN MUSICOLOGICAL SOCIETY OF INDIA

Christian Musicological Society of India

www.TheCMSIndia.org

ഇങ്ങനെ ചിന്തിച്ചാൽ എത്ര പേരുണ്ട് നമുക്ക് ഇന്ന് കത്തനാർ എന്ന പദം സ്വീകരിക്കാൻ സഹായത്തിനു് മുകളിൽ. സ്വന്തം സഭയുടെ, സ്വന്തം അമ്മയുടെ, സ്വന്തം മക്കളുടെ ധീര മാതൃകകൾക്കാണ് കൂടുതൽ വില.

മാർത്തോമാശ്ലീഹായുടെ മക്കളായ *നസ്രാണികൾ* എന്ന് കർത്താവിന്റെ അനുയായികളിൽ നമുക്കല്ലാതെ ആർക്ക് അവകാശപ്പെടാൻ പററും? അതുപോലെ അച്ചന്മാർക്ക് 'കത്തനാർ' എന്ന നാമം വേറെ ഏതു് ജനതയുടെ കുത്തകയാണ്? നമ്മുടേതു് മാത്രം. ഇതു് അവകാശപ്പെടലല്ല, മറിച്ച് വലിയ കടമയാണ്.

സഭയുടെ ലക്ഷണങ്ങളിലൊന്നല്ലേ "ശ്ലൈഹികത", അതു് നമുക്കുണ്ട്. മറെറാരു ലക്ഷണമായ "കാതോലികത്വ"വും നമുക്കുണ്ട്. പഠനത്തിൽ പൗരാണികതയും വിശ്വാസത്തിൽ നിരന്തരമായ ഐക്യവും സഭാകുടുംബങ്ങളോട് മമതയും, എന്നാൽ സ്വന്തവ്യക്തിത്വത്തെപ്പററിയുള്ള അവബോധവുമാണ് കാതോലികത്വം. കത്തനാർ എന്ന പദം കാതോലികത്വത്തെ സൂചിപ്പിക്കുന്നില്ലേ? "കത്തനാർ" എന്ന് 1960, 1968 വരെയും എഴുതാമെങ്കിൽ അതിനുശേഷം എഴുതിയാലെന്താ?

"പാതിരി" (പാദ്രി) എന്നതു് പാശ്ചാത്യ അടിമച്ചരക്കാണ്.. "ഫാദർ" (ഫാ) എന്നതു് ഇംഗ്ലീഷുകാരന്റെ ജന്മാവകാശമാണ്. "കത്തനാരും" "അച്ചനും" നമ്മുടെ തറവാട്ടു് സ്വത്താണ്. സ്വന്തമായതിനെ നമുക്ക് സ്വീകരിച്ചാലെന്താ? നമുക്ക് ചേരുന്നതു് നമ്മുടെ സ്വന്തവും പിതാമഹന്മാരുടെ പൈതൃകവുമല്ലേ?

കർദ്ദിനാൾ, ഫാദർ, മോൺസിഞ്ഞോർ, വികാരിജനറാൾ, ചാൻസലർ, തുടങ്ങിയ പദങ്ങൾ ഉപയോഗിക്കുന്നതു് ശരിയാണോ? ഇതുവഴി "മിഷനറി" മാരുടെ ശൈലികൾ തുടരുകയും കൂടുതൽ ഭിന്നതകളും ലത്തീനീകരണവും കൊണ്ടുവരുകയുമല്ലേ ചെയ്യുന്നതു്? (1989 — ലെ കുർബാന തക്സായിൽ പല സുറിയാനി വാക്കുകൾക്കും പകരമായി മലയാളവാക്കുകൾ സ്വീകരിച്ചല്ലോ. ഉദാ. ത്ശംശാന എന്ന വാക്കിനുപകരം ശുശ്രൂഷി എന്നാക്കി) ഭാരതവൽക്കരണത്തെപ്പററി ഉറക്കെ കൊട്ടിഘോഷിക്കുന്നവർ ഭിന്നിപ്പിച്ച് ഭരിക്കുന്ന നയം സ്വീകരിക്കുകയും പ്രചരിപ്പിക്കുകയുമാണോ ചെയ്യുന്നതു്?

"ഒരുത്തന്റെ കൈപിടിച്ച് മററവനെ അടിപ്പിക്കുകയും അവന്റെ കൈപിടിച്ച് ഇവനെ അടിപ്പിക്കുകയും ചെയ്തുകൊണ്ടേ നിനക്കു മലയാളത്തിൽ വാഴുവാൻ സാധിക്കൂ. ഈ നാട്ടിലെ നസ്രാണികളുടെ നിലയും മനസ്സും നീ ശ്രദ്ധിച്ചു പഠിച്ചി

www.dukhrana.in

CHRISTIAN MUSICOLOGICAL SOCIETY OF INDIA



ട്ടുണ്ട്. അവർ ഒരുമിച്ച് നിന്നാൽ മറെറാരു ജാതിക്കും അവരെ ഭരിപ്പാൻ സാധ്യമല്ല. അവരെ തങ്ങളിൽ കടിപിടികൂട്ടിയാൽ അവർ എന്നും നിന്റെ കാൽക്കീഴിൽ കിടന്നു കൊള്ളുമെന്ന് നീ മനസ്സിലാക്കി. ഇല്ലെങ്കിൽ അടിമത്തത്തിൽനിന്നുണർന്ന് അവർ നിന്റെ നേർക്ക് കൈയുയർത്തും. നിന്റെ വിശ്വാസഭാജനങ്ങളായ ഞങ്ങളിൽ ചിലരോടുതന്നെ ഈ രഹസ്യവും നീ മുമ്പൊരിക്കൽ പറഞ്ഞിട്ടുണ്ട്." [6] 1968 മുതൽ ഇന്നുവരെയുള്ള ലിററർജി പരിഷ്ക്കരണത്തെക്കുറിച്ചു ലഭിച്ചിട്ടുള്ള രേഖകളും നിർദ്ദേശങ്ങളും ഈ സത്യമല്ലേ വ്യക്തമാക്കുന്നത്? നമ്മുടെ അഭിവന്ദ്യപിതാന്മാരെ നമ്മൾ വിളിക്കുന്നത് "Your Grace, Your Lordship, Your Excellency, Rt/Very Rev. Msgr" എന്നൊക്കെയാണല്ലോ. എന്നാൽ ഇതിനേക്കാൾ എത്രയോ മെച്ചമാണ് മെത്രാന്മാരെ "ഞങ്ങളുടെ പിതാവേ" എന്ന് വിളിക്കുകയും "മാർ" (= വിശുദ്ധ) എന്ന് പേരിനോട് ചേർത്തു പറയുകയും ചെയ്യുന്നത്. പൗരസ്ത്യസഭകളിൽ വിശുദ്ധരുടെ പേരിനോടാണ് *മാർ* ചേർക്കുന്നത്. പിതാക്കന്മാരുടെ പേരിനോട് *മാർ* ചേർക്കുന്നതു വഴി അവർ വിശുദ്ധരായിരിക്കണമെന്നും, ആധ്യാത്മികഗുരുക്കന്മാരും നേതാക്കന്മാരുമായിരിക്കണം എന്നുമാണല്ലോ അർത്ഥം. ഇന്ന് ചിലർ *മാർ* എന്നത് വീട്ടുപേരിനോട് ചേർത്ത് ഉപയോഗിക്കുന്നുണ്ട്. ഇതു ശരിയല്ല. മറ്റു ചിലർ യൂറോപ്യൻ പേരിനോട് മാർ ചേർക്കുന്നു.

നസ്രാണികളുടെ പുരോഹിതരെ നേരിട്ട് സംബോധന ചെയ്തിരുന്നത് "അച്ചൻ" എന്നും, എന്നാൽ പ്രഥമപുരുഷനിൽ അദ്ദേഹത്തെപ്പററി പറയുന്നത് "കത്തനാർ" എന്നുമാണ്. അദ്ദേഹം സ്വന്തമായി പേര് എഴുതുമ്പോൾ മലയാളത്തിൽ പേര് കഴിഞ്ഞ് ക. (കത്തനാർ; പാറേമ്മാക്കൽ തോമ്മാ ക.) ചേർക്കുന്നു.

എന്നാൽ സുറിയാനിയിൽ പേര് എഴുതി ഒപ്പിടുമ്പോൾ ആരംഭത്തിൽ ക. (= "കശ്" = കശീശ = കത്തനാർ) എന്നുമാണ് എഴുതിയിരുന്നത്. [7] ഇന്ന് ഡോക്ടറേറ്റിന് പഠിക്കുന്ന അപ്പശ്ശേരി വർഗ്ഗീസ് കത്തനാരുടെ നിഗമനവും ഇതുതന്നെയാണ്. എഴുതുമ്പോൾ "കത്തനാർ" എന്നും പറയുമ്പോൾ "അച്ചൻ" എന്ന രീതിയും ഇന്ന് കൂടുതൽ അനുയോജ്യമല്ലേ? [8] (ഇന്ന് "ഫാദർ"

---

6 പാറേമ്മാക്കൽ തോമ്മാ കത്തനാർ, വർത്തമാനപ്പുസ്തകം, 1972, P. 349

7 ബെർണ്ണാർദ്, മാർത്തോമ്മാ ക്രിസ്ത്യാനികൾ, മാന്നാനം 1918, PP 98-130

8 ഇന്ന് "ഫാദർ"........

Christian Musicological Society of India

www.TheCMSIndia.org

www.dukhrana.in



CHRISTIAN MUSICOLOGICAL SOCIETY OF INDIA

Christian Musicological Society of India

www.TheCMSIndia.org

എന്ന് സീറോ - മലബാർ സഭയിൽ വൈദികരെ വിളിക്കുന്നത് ഇംഗ്ലീഷിലെ Father (=ഫാദർ, പിതാവ്) പദം ലോപിച്ചതോ (=FR) ലത്തീനിലെ PATER (=പാത്തർ=പിതാവ്) എന്ന പദം ലോപിച്ചതോ (= FR) ആകാം. ജർമ്മൻ ഭാഷയിൽ FR എന്നത് FRAU (ഫ്രാവ്) എന്ന പദത്തിന്റെ ലോപം കൂടിയാണ്. ഫ്രാവ് എന്നതിന്റെ അർത്ഥം ഭാര്യ (wife) എന്നും ശ്രീമതി" എന്നും "സ്ത്രീ" എന്നുമാണ്.)

ചുരുക്കത്തിൽ Our Lady *മർത്തമറിയ*മാണ്. നമുക്ക് യേശുക്രിസ്തുവിനെ വേണ്ട, നമുക്കാവശ്യം *ഈശോമിശിഹായെയാണ്*. നമുക്ക് സെന്റ് തോമസിനെ വേണ്ട, മറിച്ച് നമ്മുടെയാൾ *മാർ തോമാശ്ലീഹായാണ്*, നമുക്ക് സെന്റ് തോമസ് ക്രോസ് (കുരിശ്) അല്ല വേണ്ടത്, മാർ തോമാസ്ലീവായാണ്. നമുക്ക് ഫാദറോ, പാതിരിയോ അല്ല വേണ്ടത്, *കത്തനാരും അച്ചനുമാണ്*. നമ്മൾ ഉപയോഗിക്കുന്ന പദങ്ങളിൽ നമ്മുടെ ദൈവശാസ്ത്രമുണ്ട്. അതു നമുക്ക് ഉപയോഗിക്കണം, പ്രചരിപ്പിക്കണം, പഠിപ്പിക്കണം, ജീവിക്കണം, ഇതിന് സഭയ്ക്ക് വേണ്ടി നില്ക്കാൻ തന്റേടികളുടെ തലമുറ വേണം. സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നവരുടെ തലമുറ ഉയർന്നു വരണം.

ഒരു പേരിലെന്തിരിക്കുന്നു, അല്ലേ? ഏറെയുണ്ട്. സിംഹത്തെ ആരെങ്കിലും കഴുത എന്ന് വിളിക്കുമോ? "നസ്രാണി" എന്ന പദം നമ്മുടെ തറവാട് വകയാണ്. "ക്രിസ്ത്യാനി" ഗ്രീക്കുകാരനും, "റോമൻ കത്തോലിക്കൻ" പാശ്ചാത്യനുമാണ് ചേരുന്നത്. സ്വന്തം രൂപതയുടേയും സ്വന്തം പ്രദേശത്തിന്റെയും സ്വന്തം സന്യാസസമൂഹത്തിന്റെയും അതിരുകൾ കടന്ന് സഭയെ സഭയായി ഒന്നായി കാണണം. എന്നാൽ വൈവിധ്യത്തിലൂടെയേ ഏകത്വത്തിൽ എത്താവൂ. ഐക്യം ഐകരൂപ്യത്തിലല്ല, ഐക്യം വൈവിധ്യത്തിലാണ്.

പാറേമ്മാക്കൽ തോമാ കത്തനാർ പറയുന്നു, "നമ്മളൊക്കെ ഉപവിയാകപ്പെട്ട സഹോദരങ്ങളും ജ്യേഷ്ഠാനുജന്മാരുമാണ്". മാർതോമാ നസ്രാണികളും കത്തനാരന്മാരും ഒരു വലിയ തറവാട്ടിലെ അംഗങ്ങളാണെന്ന ചിന്ത ഉണ്ടാകണം.

www.dukhrana.in

CHRISTIAN MUSICOLOGICAL SOCIETY OF INDIA

| | ഭാഷ | പിതാവ് (Father) | അച്ചൻ / വൈദികൻ / Priest |
|---|---|---|---|
| 1 | ഹീബ്രു | 'ab (അബ്) | Komer (കോമർ)<br>Kohen (കോഹൻ) |
| 2 | ഗ്രീക്ക് | Pater പാത്തെർ | Hiereus (ഹിയെറേവൂസ്) |
| 3 | ലത്തീൻ | Pater പാത്തെർ | Sacerdos (സാച്ചെർദോസ്)<br>Presbyter (പ്രെസ്ബിറ്റർ) |
| 4 | പോർട്ടുഗീസ് | Pai (പായ്) | Padre (പാദ്രേ)<br>Sacerdote (സാച്ചർദോത്തെ) |
| 5 | സ്പാനിഷ് | Padre (പാദ്രേ) | Cura (ക്യൂരാ)<br>Sacerdote (സാച്ചർദോത്തെ) |
| 6 | ഇറ്റാലിയൻ | Padre (പാദ്രേ) | Prete (പ്രേത്തെ)<br>Don (ഡോൺ) |
| 7 | ഫ്രഞ്ച് | Pere (പേർ) | Pretre (പ്രേത്തർ) |
| 8 | ജർമ്മൻ | Vater (ഫാറ്റർ) | Pater (പാത്തർ)<br>Pfarrer (ഫാറർ) |
| 9 | ഇംഗ്ലീഷ് | Father (ഫാദർ) | Priest (പ്രീസ്റ്റ്) |
| 10 | ഹിന്ദി | Pita (പിതാ)<br>Pitaji (പിതാജി) | Swamiji (സ്വാമിജി)<br>Guruji (ഗുരുജി) |
| 11 | സുറിയാനി | 'Abba (ആബാ) | Kasisa (കശീശ)<br>Kohen (കോഹൻ) |
| 12 | മലയാളം | Appan (അപ്പൻ)<br>Achan (അച്ഛൻ) | Kasisa (കശീശ)<br>Ka(r)thanar (ക(ർ)ത്തനാർ)<br>Achan (അച്ചൻ) |

Christian Musicological Society of India
www.TheCMSIndia.org
www.dukhrana.in

www.dukhrana.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA
Christian Musicological Society of India
www.TheCMSIndia.org



## സീറോ മലബാർസഭയുടെ തനിമയുള്ള ചില നാമങ്ങൾ

സീറോ മലബാർ സഭയുടെ അനന്യമായ വ്യക്തിത്വം നിഴലിപ്പിക്കുന്ന രീതിയിലുള്ള ചില പ്രധാന നാമങ്ങളുണ്ട്,

### 1 ഈശോ (മിശിഹാ)

കർത്താവിനെ യേശു എന്നല്ല വിളിക്കേണ്ടതു്. ഈശോ / ഈശോമിശിഹാ എന്നാണ്. ഈശോ എന്ന പദം പഴയനിയമത്തിലെ ജോഷ്വാ എന്ന നാമത്തിൽ നിന്നാണ്. ഇതിന്റെ മൂലം 'യാസാ' രക്ഷിക്കുക. എന്നാണ്. 'ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ, ഉമ്മ' എന്ന ആശംസ കുടുംബപ്രാർത്ഥനയ്ക്കു ശേഷം നസ്രാണികുടുംബങ്ങളിൽ ആശംസിക്കുന്നതാണ്. ഇതിൽ ദൈവശാസ്ത്രം (അനുരഞ്ജനം) നന്നായി പ്രതിഫലിപ്പിക്കുന്നുണ്ട്, ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധവും, മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധവും.

ക്രിസ്തുവിൽനിന്നു് ക്രിസ്ത്യാനി വരുന്നതുപോലെ മിശിഹായിൽ നിന്നു് 'മിശിഹായർ' വരുന്നു. ഈ പദംവഴി ഈശോയുടെ ഇവിടെയുണ്ടായിരുന്ന ശിഷ്യരെ സൂചിപ്പിക്കുന്നു.

### 2 മാർ തോമാശ്ലീഹാ

ഭാരത പ്രേഷിതനായ, വിശ്വാസത്തിലുള്ള നമ്മുടെ പിതാവിനെ വിളിക്കുന്നതു് 'മാർതോമാശ്ലീഹാ' എന്നാണ്. ശ്ലീഹാ = അയയ്ക്കപ്പെട്ടവൻ: അപ്പസ്തോലൻ) സുറിയാനി പദം തർജ്ജമ ചെയ്യാതെ നിലക്കൊള്ളുന്നതു് അർത്ഥപുഷ്ടിക്കു് വേണ്ടിയാണ്.

### 3 മാർ തോമാ നസ്രാണി

നസ്രായക്കാരനായ ഈശോയെ അനുകരിക്കുന്നവരാണ് നസ്രാണികൾ. തോമാശ്ലീഹാ പ്രസംഗിച്ചു ജനിപ്പിച്ച ഈശോയുടെ ശിഷ്യസമൂഹമാണിതു്. യഹൂദക്രൈസ്തവരെ 'നസ്രാണികൾ' എന്നു് വിളിച്ചിട്ടുണ്ട്. നൊസ്റിയാണ് ഇതിന്റെ മൂലം,

**'മരീസാ തൊമായിത്'** (തോമായുടെ അജഗണം) എന്നായിരുന്നു നസ്രാണി സമൂഹത്തെ ചിലർ വിളിച്ചിരുന്നതു്. റോസ് S.J. മെത്രാന്റെ കല്പനയുടെ ആരംഭത്തിൽ ഈ പദമാണ് ഉപയോഗിച്ചിരുന്നതു്.

അന്നു് ഇതു് പ്രചാരത്തിൽ ഇരുന്നു.[9]

9 Title of the Statutes of Bishop Roz S.J. in 1606, S. Zacharia. (ed)' Randu Prachina gadya Krithikal, Changanachery 1976, P. 111)

www.dukhrana.in

CHRISTIAN
MUSICOLOGICAL
SOCIETY of INDIA



Christian Musicological Society of India

### 4. മാർഗ്ഗവാസികൾ

മാർഗ്ഗം എന്നതു് വഴിയാണു്. കർത്താവാണു് വഴിയും സത്യവും ജീവനും (യോഹ. 14:6). ഈശോയാണു് മാർഗ്ഗം. മാർഗ്ഗത്തിൽ വസിക്കുന്നവരാണു് മാർഗ്ഗവാസികൾ. ഇവിടെ നസ്രാണികളെ മാർഗ്ഗവാസികൾ എന്നു് പൊതുവായി വിളിച്ചിരുന്നു.

### 5. സ്ലീവാ / മാർത്തോമാ സ്ലീവാ

മാർ തോമാ ശ്ലീഹായുടെ കബറിടത്തിങ്കൽ നിന്നു് (മൈലാപ്പൂർ) ലഭിച്ചതാണു് മാർ തോമാ സ്ലീവാ. അതിൽ പടികൾ (സഭയെ സൂചിപ്പിക്കുന്നു), ഇലകൾ (പിതാവിനെ), സ്ലീവാ-പ്രതിമയല്ല പ്രതീകം (= ഈശോയെ), അവരോഹണരൂപത്തിലെ പ്രാവു് (= പരിശുദ്ധാത്മാവിനെ) എന്നിവയുണ്ടു്. മാർ തോമാ നസ്രാണികളുടെ സ്വന്തമാണു് മാർത്തോമാസ്ലീവാ.

സ്ലീവാ എന്ന പദമാണു് പോർച്ചുഗീസുകാർ വരുന്നതുവരെ ഉപയോഗിച്ചിരുന്നതു്. സ്ലീവായ്ക്കു് കഴുമരം, തൂക്കുമരം ക്രൂശിതൻ, മരത്തിൽ തറയ്ക്കപ്പെട്ടവൻ, തൂക്കപ്പെട്ടവൻ എന്നൊക്കെയർത്ഥമുണ്ടു്. അതായതു്, സ്ലീവാ എന്നുപറഞ്ഞാൽ ഈശോയാണു്. [പാറോക്കാ = രക്ഷകൻ, പ്രീക്കാ = രക്ഷിതൻ, ഇതുപോലെ *സാക്ലോവാ* = മരത്തിൽ തറയ്ക്കുന്നവൻ എന്ന പദവും.]

“Cruz” എന്ന പോർച്ചുഗീസ് പദത്തിൽ നിന്നാണു് ‘കുരിശു്’ വന്നതു്.

സ്ലീവാ മാറി കുരിശും ക്രൂശിതരൂപവും ഉണ്ടാക്കിവയ്ക്കുന്ന പതിവു് പോർച്ചുഗീസുകാരുടെ വരവിനു് ശേഷമാണു് മലങ്കരയിൽ ആവിർഭവിച്ചതു്. മാർത്തോമാസ്ലീവാ തന്നെ പ്രദക്ഷിണത്തിനു് ഉപയോഗിച്ചിരുന്നു. മുട്ടുചിറ പള്ളിയിലെ വെള്ളികൊണ്ടുള്ള മാർ തോമാ സ്ലീവാ ഇതിനു് ഉദാഹരണമാണു്.

### 6. യോഗം: ഇടവകയോഗം, പൊതുയോഗം

ഇടവക ഇടയന്മായി ബന്ധപ്പെട്ടതാണു്—ആടുകളെ സുരക്ഷിതമാക്കുന്നതു് ഒരുമിച്ചുകൂട്ടി വലയം ചെയ്യുമ്പോഴാണു്. ഇതുപോലെ ഇടയനായ ഈശോയുടെ അജഗണത്തെ സുരക്ഷിതമായി സൂക്ഷിക്കുന്ന സ്ഥലമാണു് ഇടവക. ഇങ്ങനെയുള്ള ഇടവകയിലെ കുടുംബനാഥന്മാർ ഒരുമിച്ചുകൂടി ആലോചിക്കുന്നതാണു് യോഗം. യോഗം ഇടവകയിൽ കൂടുമ്പോൾ അതു് ഇടവകയോഗമാകും. പൊതുവായി കൂടുമ്പോൾ പൊതുയോഗമാകും. ഇതിനു് 2-ാം വത്തിക്കാൻ കൗൺസിലിനുശേഷം ലത്തീൻ സഭയിൽ നൽകുന്ന പേരാണു് ‘പാസ്റ്ററൽ കൗൺസിൽ’. ഇന്നു് ഈ നാമം സ്വീകരിച്ചിരിക്കുകയാണു്.

www.TheCMSIndia.org

www.dukhrana.in

CHRISTIAN MUSICOLOGICAL SOCIETY OF INDIA



## 7. അർക്കദിയാക്കോൻ

ഇതു് ഗ്രീക്കുപദമാണ്. അർക്കെ + ദിയാക്കോൻ = പ്രധാന സേവകൻ. സഭാസേവകനാണദ്ദേഹം. സഭയിൽ അധികാരം സേവനമാണ്. ദൈവജനത്തെ ആദ്ധ്യാത്മികമായി നയിക്കുന്ന മെത്രാനെ സഹായിക്കുന്ന വ്യക്തിയാണ് അർക്കദിയാക്കോൻ. ആദ്ധ്യാത്മികകാര്യങ്ങളിൽ മെത്രാനും, ഭൗതികവും ഭരണപരവുമായ കാര്യങ്ങളിൽ അർക്കദിയാക്കോനും ചുമതല വഹിച്ചിരുന്നു. ഇദ്ദേഹമാണ് 'ജാതിക്കു് കർത്തവ്യൻ' (കർത്താവ്—കർത്തനാൾ, കത്തനാർ). ജാതി എന്നതു് മാർത്തോമാ നസ്രാണികൾ. കർത്താവ് എന്നതു് നേതാവ്.

## 8. മല്പാൻ

ഈ പദം 'ഇലേപ്പ്'' എന്ന സുറിയാനി വാക്കിൽനിന്നാണ്. ഇതിനർത്ഥം "പഠിക്കുക, പഠിപ്പിക്കുക, ഗുരു, പഠിപ്പിക്കുവാൻ സഹായിക്കുന്നവൻ'' എന്നൊക്കെയാണ്. (ഉൾപ്പാൻ = intensive leaving of Hebrew) സഭാപിതാവാണ് മല്പാൻ.

സെമിനാരിയിൽ പഠിപ്പിച്ചിരുന്നവരേയും, സുറിയാനി പഠിപ്പിച്ചിരുന്നവരേയും മല്പാൻ എന്നു് വിളിച്ചിരുന്നു. ചിലർ 'മല്പാനച്ചൻ' എന്നു് വിളിച്ചു കേട്ടിട്ടുണ്ട്.

## 9. ഇണ്ടറിയപ്പം

പെസഹാവ്യാഴം ഉണ്ടാക്കി മുറിക്കുന്ന അപ്പമാണിതു്. ഇതു് മാർത്തോമാ നസ്രാണികളുടെ മാത്രം അനന്യതയാണ്.

ഗ്രീസിലും ഓർസ്ലത്തുമുള്ള ഗ്രീക്ക സഭാംഗങ്ങൾ 'മാമ്മൂൻ' എന്ന പേരിലുള്ള ഒരു മധുര പലഹാരം പെസഹാവ്യാഴം മാത്രം ഉണ്ടാക്കി വിതരണം ചെയ്യാറുണ്ട്. (ഓർസ്ലത്തുവച്ച് ലേഖകൻ ഇതു് മിഖായേലിന്റെ ഭവനത്തിൽ നിന്നു് ഭക്ഷിച്ചിട്ടുണ്ട്).

## 10. ക(ർ)ത്തനാർ

'കത്തനാർ' എന്നാണു് വൈദികർ അറിയപ്പെട്ടിരുന്നതു്. ഇതു് കർത്തനാരിൽ നിന്നും ഉത്ഭവിക്കുന്നു എന്നാണു് പണ്ഡിതനായ ബർണ്ണാർദ് കത്തനാർ പറയുന്നതു്, 'ഉടമ', 'അധികാരി' 'നേതാവ്'' എന്നൊക്കെയാണു് ഇതിന്റെ അർത്ഥം.

*കൂമ്റ* എന്നു് സുറിയാനിയിൽ പുരോഹിത (ശ്രേഷ്ഠ)നു് പറയാറുണ്ട്.

'കോമർ' എന്ന ഹീബ്രു പദവും കമ്റ എന്ന സുറിയാനി പദവും ഒരേ അർത്ഥംതന്നെയാണ്.

*കശീശ* എന്ന സുറിയാനിപദം പുരോഹിതനെ സൂചിപ്പിക്കുന്നു. ഇതിനർത്ഥം 'മൂപ്പൻ' എന്നാണ്. *കഹനാ* എന്നതു് ലേവായഗോത്രത്തിലെ ദേവാലയശുശ്രൂഷികളുടെ നേതാവാണ്. ഹീബ്രുവിൽ '*കോഹൻ*' എന്നാണ്.

മാർത്തോമാ നസ്രാണികൾക്കു് മാത്രമേ ക(ർ)ത്തനാരുള്ളൂ.

Christian Musicological Society of India

www.TheCMSIndia.org

www.dukhrana.in

CHRISTIAN MUSICOLOGICAL SOCIETY OF INDIA



ഇതു് തികച്ചും ഭാരതീയപദമാണെന്നതിൽ തർക്കമില്ല.

*പുരോഹിതൻ* (Domestic Priest) (puras + dha) = മുമ്പിൽ ഹിതർ = നയിക്കുന്നവൻ) മുൻഭാഗത്തു് നിർത്തപ്പെട്ടവനാണു്, നയിക്കുന്നവനാണു് പുരോഹിതൻ.

*വൈദികൻ*. വേദവും വിദ്യയും അറിയാവുന്നവൻ. അതായതു് തന്ത്രവും മന്ത്രവും പ്രയോഗിക്കുന്നവനാണു്.

## ഉപസംഹാരം

ക(ർ)ത്തനാർ എന്ന പദം മാർത്തോമാ നസ്രാണികളുടെ സ്വന്തമാണു്, അവരുടെ അനന്യപദമാണു്. ദൈവത്തിനു് പ്രതിഷ്ഠിക്കപ്പെട്ടവരാണു്. ദൈവജനത്തെ നയിക്കുന്നവരാണു് കത്തനാർ. കത്തനാരാകുന്നതു് വല്ലതും കിട്ടാനാണോ? ഇന്ന സ്ഥലത്തു്, ഇന്ന സ്ഥാപനത്തിൽ ഇന്ന സ്ഥാനത്തു് കയറണമെന്നോ, ഇന്ന ജോലി ചെയ്യണമെന്നോ ഉള്ള ചിന്ത കത്തനാർക്കില്ല. എവിടെയായിരുന്നാലും നിലത്തു് കാലുറപ്പിച്ചു് തല ഉയർത്തി നട്ടെല്ലു് വളയ്ക്കാതെ നിന്നു് വല്ലതും വേല ചെയ്യണമെന്നല്ലാതെ എന്താണു് കത്തനാരുടെ ധർമ്മം? ഭാവിയെപ്പററി സ്വപ്നങ്ങളും സങ്കല്പങ്ങളും അത്യാഗ്രഹങ്ങളും കത്തനാർക്കു ചേർന്നതല്ല. സ്ലീവാ (മാർത്തോമാസ്ലീവാ) ഉയർത്തിപ്പിടിച്ചു് ഓടുന്നവരാണു് കത്തനാരന്മാർ.

"അവരുടെ സ്വപ്നമിന്നും
സ്വപ്നമായിത്തുടരുന്നു
ഭിന്നതകൾ ഭരിക്കുന്നു,
തകരുന്നല്ലോ
പേടിയെന്തെന്നറിയാത്ത
പാറേമ്മാക്കൽ കത്തനാരും
സഭയ്ക്കായി ത്യാഗം
ചെയ്യാൻ കരിയാറ്റിയും
ഇന്നും വേണം എന്നും
വേണം
ഓർക്കട്ടെ നസ്രാണികൾ.
ഇന്നു നമുക്കില്ലാത്തതും
അവരെത്തന്നെ."

### കത്തനാർ ചെയ്യേണ്ടതു്

1) വിശുദ്ധ കുർബാനയ്ക്കു് പൈനയും തക്സായും തന്റെ കൂടെ കൊണ്ടുപോകുക. 2) നസ്രാണി സഭയുടെ കത്തനാരായി സ്വയം പരിചയപ്പെടുത്തുക. "I am a Kathanar of Mar-Thoma Nazranis of India" അപ്പോൾ നമ്മുടെ മാതൃസഭയുമായി മററുള്ളവർക്കു് സമ്പർക്കമുണ്ടാകും. അറിയപ്പെടും. ഇതൊരു സാക്ഷ്യമാണു്. സ്വയം പരിചയപ്പെടുത്തൽ വഴി ഈശോയ്ക്കു് സാക്ഷികൾ. (അപ്പ. 1, 8) ഇതു് നമ്മുടെ കടമയാണു്.

Christian Musicological Society of India

www.TheCMSIndia.org

www.dukhrana.in